ഉത്തരം

(എ) ഇക്കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) 12358 സ്കൂളുകളിൽ ഉച്ചഭക്ഷണപദ്ധതി നടപ്പിലാക്കുന്നുണ്ട്.

(സി) സ്കൂൾ പ്രവൃത്തിദിവസം കുട്ടിയൊന്നിന് 5 രൂപ നിരക്കിൽ നിലവിൽ നൽകിവരുന്നു. ആയതിനുള്ള തുക അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിന് മുൻകൂറായി ഫണ്ട് പ്രഥമാദ്ധ്യാപകർക്ക് നൽകുന്നതിനാൽ പദ്ധതിയുടെ നടത്തിപ്പിന് പ്രതിസന്ധി നേരിടുന്നതായിട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ കുട്ടിയൊന്നിന് 5 രൂപ എന്ന നിരക്കിൽ നൽകിവരുന്ന തുക വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ സജീവ പരിഗണനയിലാണ്.

കളരിപ്പയറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്നതിന് നടപടി

91(2954) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തനതു ആയോധനമുറയായ കളരിപ്പയറ്റ് വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളിൽ പരിശീലിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കളരിപ്പയറ്റ് കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും ജീവിതശൈലി കൃത്യതയുള്ളതാക്കുന്നതിനും സഹായിക്കുമെന്ന വസ്തുതകൾ വിദ്യാഭ്യാസ വകുപ്പ് പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കളരിപ്പയറ്റ് സ്കൂളുകളിൽ പരിശീലിപ്പിക്കുന്നതിനുവേണ്ടി കളരിപ്പയറ്റ് ഫെഡറേഷൻ ഓഫ് ഇന്ത്യ ഒരു നിവേദനം നൽകിയിരുന്നു. ആയതിന്റെ സാധുത പരിശോധിക്കുന്നതിനായി സ്പോർട്സ് കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

വെഞ്ഞാറമൂട് ഗവ. യു.പി. സ്കൂളിന് കെട്ടിട നിർമ്മാണം

92(2955) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെഞ്ഞാറമൂട് ഗവ. യു.പി. സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly